പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3053 | 10. 05.2017 ൽ മറുപടി നല്കേണ്ടത്. |

**ഭക്ഷ്യ വസ്തുക്കളുടെ ശുചിത്വ നിലവാരം ഉറപ്പ് വരുത്താൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ, ഭക്ഷ്യ വസ്തുക്കളുടെ ശുചിത്വ നിലവാരം ഉറപ്പ് വരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എ) | ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ശുചിത്വ നിലവാരം ഉറപ്പാക്കാൻ ജില്ലകളിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഹോട്ടലുകളും കാറ്ററിംഗ് യൂണിറ്റുകളും പരിശോധിച്ച് വരുന്നു. കൂടാതെ പാചകത്തിനു ഉപയോഗിക്കുന്ന വെള്ളവും ഭക്ഷ്യവസ്തുക്കളും പരിശോധിക്കുന്നതിനോടൊപ്പം ബേക്കറികളും ജ്യൂസ് സ്റ്റാൾ, ഐസ്ക്രീം പാർലറുകൾ, ജ്യൂസ് ചേരുവകളുടെ നിർമ്മാണ കേന്ദ്രങ്ങൾ, വഴിയോര വിൽപ്പന കേന്ദ്രങ്ങൾ, സർബത്ത് വിൽപ്പന കേന്ദ്രങ്ങൾ, ചായക്കടകൾ എന്നിവിടങ്ങളിലും ശീതള പാനീയങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിലും നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും ഇവിടങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കളുടെയും പാനീയങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള ലാബുകളിൽ പരിശോധിപ്പിച്ച് ഭക്ഷ്യസുരക്ഷാ നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിവാര നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ